# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4759** — **29-6-2012-ൽ മറുപടിക്ക്**

## തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തെരുവ് നായ്ക്കൾ കാൽനടക്കാരെയും ഇരുചക്രവാഹന യാത്രക്കാരെയും കന്നുകാലികളെയും ആക്രമിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയോ മരണത്തിനിടയാക്കുകയോ ചെയ്യുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് 2001-ലെ അനിമൽ ബെർത്ത് കൺട്രോൾ (ഡോഗ്സ്) ചട്ടങ്ങൾ പ്രകാരം തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന രീതിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവലംബിച്ചുവരുന്നത്. 2001-ലെ അനിമൽ ബെർത്ത് കൺട്രോൾ (ഡോഗ്സ്) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനും അവയുടെ വംശവർദ്ധന തടയുന്നതിനും നടപടികൾ എടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ എന്നും വ്യക്തമാക്കുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നു. എന്നാൽ നിയന്ത്രിക്കുന്നതിന് നിയമ തടസ്സം ഇല്ല. എ.ബി.സി. പ്രോഗ്രാം നടപ്പാക്കി തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) എങ്കിൽ പൊതുജനങ്ങൾക്ക് കടുത്ത ഭീഷണിയുയർത്തുന്ന ഇക്കാര്യത്തിൽ എന്തു നടപടി കൊണ്ടു പരിഹാരം ഉണ്ടാക്കുവാനാണ് ശ്രമിക്കുന്നത് എന്നു പറയാമോ ? | (ഡി) തെരുവ്നായശല്യം നിയന്ത്രിക്കുന്നതിനും പേവിഷ ബാധ തടയുന്നതിനും എ.ബി.സി/എ.ആർ.സി പ്രോഗ്രാം കർശനമായി നടപ്പാക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ